# ആരൂഢം

ഒഴുകുന്നു അദ്വൈത സിദ്ധാന്തങ്ങൾ,
മാറ്റിമറിക്കുന്നു സിംഹാസനങ്ങൾ;
കാലം ഒരുക്കുന്ന യാഗാഗ്നിയിൽ നിന്നും,
പുനഃർജനിക്കുന്നു ഫീനിക്സ് പക്ഷികൾ.

ചിറകിട്ടടിച്ച് കുതിച്ചുയർന്നു പൊങ്ങുന്നു,
ഇന്നിന്റെ മറ്റൊരു പുതിയ പ്രതീകമായ്,
കുതിച്ചുയർന്നൊരാ പക്ഷിതൻ,
ചുണ്ടിലെ കുറിപ്പിൽ നിന്നും-
വീഴുന്ന ലിഖിത നിയമങ്ങൾ;
പ്രചോദനം നൽകും അനുഭവ സാക്ഷ്യങ്ങൾ.

സത്യമേത്, മിഥ്യയേതെന്നറിയാതെ,
മാനവരാശിയുഴലുന്നിവിടെ;
കവടികൾ നിരത്തി പ്രവചിക്കുന്നു പ്രവാചകർ,
പരിണാമമാം നിത്യനൂതന ശൈലികൾ.

മാറ്റൊലിക്കൊള്ളുന്നു ഇന്നിന്റെ കരളിലാ
മാറ്റത്തിന്നമ്പുകൾ ഏൽപിക്കും മുറിവുകൾ,
കൈവിട്ടുപോയൊരാ മൂല്യത്തിൻ ചെപ്പുകൾ;
കണ്ടെത്തുവാനോടിയലയുന്നു മാനവർ.

വറ്റിവരണ്ടൊരാ നീറ്റിലെ നീരുറവ,
തേടിയലയുന്നു അന്ധരാം നിസ്സംജ്ഞർ;
അറിഞ്ഞുവൊ? നിന്നിലെ ചോലകൾ വറ്റീതും,
നെഞ്ചിലെ കൈത്തിരി കരിന്തിരി കത്തീതും.

ഇരുട്ടുറയുന്ന നിൻ തടവിന്റെ വാതിലിൽ,
കാലം ഇരട്ട താഴിട്ടു ബലത്തിൽ പൂട്ടീതും;
തിമിരം പിടിച്ചൊരാ നിൻ നീല നയനങ്ങൾ,
ധാവകമാക്കുന്നു ധൂമപടലങ്ങൾ.



തീഷ്ണമാം നിന്റെ സ്വാർത്ഥ മനസ്സിനെ,
ധാർഷ്ഠ്യത ശിലയാക്കി മാറ്റിതിരിക്കുന്നു;
നടകൊള്ളുന്നൂ നിന്റെ പാദങ്ങൾ മുന്നോട്ട്,
വഴിയേതെന്നറിയാതെ തെറ്റിതെറിക്കുന്നു.

ദണ്ഡനമസ്കാരം ചെയ്യുന്നൂ കാശിനായ്,
ദാർശനീകത്വം നീ ഹോമിക്കുന്നു;
മാറ്റമുണർത്തിയ ചുഴികളിൽപെട്ടുപോയ്,
മൂല്യങ്ങൾ സൂക്ഷിച്ച നിൻമനവും,

ഉച്ചത്തിൽ അലറിയ മുദ്രാവാക്യങ്ങളിൽ,
മനസാക്ഷി വഞ്ചിച്ച കോലങ്ങൾ കേഴുന്നു.
ധർമ്മിഷ്ഠനാം നിന്റെ വേദപ്രമാണങ്ങൾ,
നിഷുപ്തമാക്കിയൊ വിപ്ലവ ശിഖകളാൽ;

ഭണ്ഡിലമാം നിന്റെ ഇന്നത്തെ നാളുകൾ-
ഭണ്ഡാരം നിറക്കുവാൻ കാംക്ഷിക്കുന്നു.
പരശ്ശതം ജനതയെ കീശയിലാക്കുന്നു,
സ്തുതിഗീതങ്ങൾ പാടി പരവശനാകുന്നു;

ആഴത്തിൽ കുഴിതോണ്ടുന്നന്യന്റെ വീഴ്ചക്കായ്,
കുശോദകം നൽകി ശവദാഹം നടത്തുന്നൂ,
കഴുകുന്നാ പാദങ്ങൾ കള്ളക്കണ്ണീർകൊണ്ട്,
തുടുക്കുന്നൂ നിൻ വദനം മുഖംമൂടികളാൽ.

പതറുന്നൂ നിൻ പാദം പര്യന്തമാക്കുന്നു,
പര്യാണം തീർക്കുന്നു നീ തീർത്ത ഗർത്തത്തിൽ,
അന്തിക്കു പൊലിയുന്നു ഇന്നിന്റെ പ്രകാശം;
എരിയുന്നൂ നിൻചിതയിൽ നിന്നോടൊപ്പം,
പിറ്റേന്നുയിർക്കുന്നു പുതിയൊരു പുലരി,
പിറവിയെടുക്കുന്നൂ മറ്റൊരു പക്ഷി.